**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കോട്ടയം ജില്ലയിൽ ലക്ഷ്മി ബിൽഡിംഗ്സിൽ ശ്രീ.എ.വെങ്കിടകൃഷ്ണൻ, പത്നി ഭാഗ്യംകൃഷ്ണൻ, മകൻ ഡോ.വി.അനന്തപത്മനാഭൻ, സഹോദരൻ വെങ്കിടശേഷൻ, എന്നിവരുടെ ഉടമസ്ഥതയിൽ കോട്ടയം നഗരസഭയിലുള്ള XXIV/66-4D, XXIV/65-4F, XXIV/63-4A,4B,4C&4G, XXIV/64-4E എന്നീ കെട്ടിടങ്ങൾക്ക് 2018-19 ഒന്നാം അർദ്ധ വർഷത്തേയ്ക്കുള്ള വേക്കൻസി റെമിഷൻ അനുവദിക്കുന്നതിന് അപേക്ഷ നൽകുവാനുണ്ടായ കാലതാമസം മാപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ആർ.സി) വകുപ്പ്**

സ.ഉ(സാധാ ) നം. 2323/18/ത.സ്വ.ഭ.വ തീയതി, തിരുവനന്തപുരം: 29/08/2018.

---

പരാമർശം: 1) ശ്രീ.എ.വെങ്കിടകൃഷ്ണൻ 28.06.2018 ന് സമർപ്പിച്ച നിവേദനം.
2) കോട്ടയം നഗരസഭ സെക്രട്ടറിയുടെ 13.7.2018 ലെ റിപ്പോർട്ട്.

**ഉത്തരവ്**

കോട്ടയം ജില്ലയിൽ ലക്ഷ്മി ബിൽഡിംഗ്സിൽ ശ്രീ.എ.വെങ്കിടകൃഷ്ണൻ, പത്നി ഭാഗ്യംകൃഷ്ണൻ, മകൻ ഡോ.വി.അനന്തപത്മനാഭൻ, സഹോദരൻ വെങ്കിടശേഷൻ, എന്നിവരുടെ ഉടമസ്ഥതയിൽ കോട്ടയം നഗരസഭയിലുള്ള യഥാക്രമം XXIV/66-4D, XXIV/65-4F, XXIV/63-4A,4B,4C&4G, XXIV/64-4E എന്നീ കെട്ടിടങ്ങൾ കഴിഞ്ഞ 12 വർഷങ്ങളായി ഒഴിഞ്ഞുകിടക്കുകയാണെന്നും യഥാസമയം അപേക്ഷ സമർപ്പിക്കുന്നതിനാൽ വേക്കൻസി റെമിഷൻ ആനുകൂല്യം ലഭിച്ചുകൊണ്ടിരുന്നതാണെന്നും എന്നാൽ മകന് അപ്രതീക്ഷിതമായി ഉണ്ടായ അസുഖവും അതുമായി ബന്ധപ്പെട്ട ചികിത്സയുംമൂലം 2018-19 ഒന്നാം അർദ്ധവർഷത്തെ വേക്കൻസി റെമിഷന് അപേക്ഷ സമർപ്പിക്കുവാൻ കാലതാമസം നേരിട്ടെന്നും ഇത് മാപ്പാക്കി വേക്കൻസി റെമിഷൻ അനുവദിക്കണമെന്നും പരാമർശം (1) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അപേക്ഷകനായ ശ്രീ.എ.വെങ്കിടകൃഷ്ണന്റെ മകന്റെ ഗുരുതരമായ രോഗാവസ്ഥയും ചികിത്സയും അനുബന്ധ കാര്യങ്ങളും കാരണമാണ് സീനിയർ സിറ്റിസണായ അപേക്ഷകന് യഥാസമയം അപേക്ഷ സമർപ്പിക്കുവാൻ കഴിയാത്തതെന്ന് ബോധ്യമായി. അപേക്ഷകന്റെ പ്രത്യേക സാഹചര്യം പരിഗണിച്ച് മാനുഷിക പരിഗണന നൽകി 2018-19 ഒന്നാം അർദ്ധവർഷത്തിൽ വേക്കൻസി റെമിഷന് അപേക്ഷ നൽകുവാനുണ്ടായ കാലതാമസം മാപ്പാക്കി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
മുഹമ്മദ് റിയാസ്
ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ.എ.വെങ്കിടകൃഷ്ണൻ, ലക്ഷ്മി ബിൽഡിംഗ്സ്, ടെമ്പിൾ റോഡ്, കോട്ടയം
സെക്രട്ടറി, കോട്ടയം നഗരസഭ (നഗരകാര്യ ഡയറക്ടർ മുഖേന)
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ് /എ&ഇ/എൽ.ബി.എ), കേരള
ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ